
Enter

# ഗവ .ഹയർ സെക്കണ്ടറി സ്കൂൾ ബല്ലാ ഈസ്റ്റ്
# (12003)







# ആമുഖം


കടിഞ്ഞാണില്ലാത്ത കുതിരകളെപ്പോലെ അറിവിന്റെ മേച്ചിൽപ്പുറങ്ങൾ തേടി അലയുന്ന മനുഷ്യർക്ക് വഴികാട്ടിയായി സാങ്കേതികവിദ്യ കൂടെയുള്ള കാലമാണിത്. “പണ്ട് ദിനോസറുകൾക്കും മുമ്പ് ഭൂമിയിൽ നടക്കാനിറങ്ങിയ ജീവബിന്ദുക്കൾ "ഒരു കാല്പനികഭാവനയെങ്കിലും,പുതിയ ജീവബിന്ദുക്കളെ സൃഷ്ടിച്ചെടുക്കാനും മാത്രം ലോകം വികസിച്ചു കഴിഞ്ഞിരിക്കുന്നു.ഒരു വിരൽത്തുമ്പിന്റെ അകലത്തിൽ ഇന്നോളമറിഞ്ഞ പ്രാപഞ്ചിക രഹസ്യം വെളിപ്പെടാൻ തയ്യാറായി നിൽക്കുന്നു.ചെറിയ സ്ക്രീനിലെ വലിയ കാഴ്ചകൾ മനുഷ്യരെ ഒരേ സമയം വികസിപ്പിക്കുകയും ചുരുക്കുകയും ചെയ്യുമ്പോൾ ലോകം ഒരു പക്ഷിക്കൂടായിത്തീരുന്നു.സാംസ്കാരികതലങ്ങൾ പരസ്പര കൈമാറ്റത്താൽ ഒന്നായിത്തീരുന്നു.വിശ്വപൗരൻ എന്ന കാഴ്ച്ചപ്പാടിലേക്ക് മാനവർ ഉയർത്തപ്പെടുന്നു.

അപ്പോഴും ആദ്യകനിയിലെ പുഴുസ്പർശം പോലെ അമാനവികതയുടെ കാഴ്ച്ചപ്പാടുകളാൽ മനുഷ്യരെ പ്രലോഭിതരാക്കാനും സാങ്കേതിക വിദ്യക്ക് സാധിക്കുന്നു.വംശം,ദേശം,ലിംഗം,ഭാഷ,സംസ്കാരം എന്നീ അതിർത്തികൾക്കുള്ളിൽ നിന്നുകൊണ്ട് മാത്രം കാഴ്ചകളെ കാണാൻ പ്രേരിപ്പിക്കുമ്പോൾ വിദ്വേഷത്തിന്റെ വിത്തുകൾ പാകാനുള്ള നിലം ഒരിക്കൽ കൂടിയാവുന്നു.ശാസ്ത്രവും സാങ്കേതിക വിദ്യയും മാനവപുരോഗതിക്കായി ഉപയുക്തമാകേണ്ടതുണ്ട്.അത്തരം കാഴ്ച്ചപ്പാടുകൾ സാമൂഹ്യബോധമായി മാറേണ്ടതുണ്ട്.ശാസ്ത്രം  കലയോടും സാഹിത്യത്തോടും കൈചേർക്കുമ്പോഴാണത്  സാധ്യമാവുക.

ഇത്തരമൊരു നവസാങ്കേതികവിദ്യയുടെ സഹായത്തോടെ നിർമ്മിക്കപ്പെടുന്ന ENTER എന്ന ഡിജിറ്റൽ മാഗസിൻ അതാണാഗ്രഹിക്കുന്നത്. ശാസ്ത്രവും കലയും ചേർന്നുനിന്നു കൊണ്ട് മാനവനന്മയിലൂന്നിയ സാമൂഹ്യമാറ്റത്തിന്റെ ഉൾപ്രേരകമാവട്ടെ ഈ മാഗസിൻ എന്ന പ്രത്യാശയോടെ വായനാനുഭവത്തിലേക്ക് പ്രവേശിക്കാനായി സമർപ്പിക്കുന്നു.



# ആശംസകൾ........





ന് എല്ലാവിധ ആശംസകളും നേരുന്നു



പ്രിൻസിപ്പാൾ

## ശ്രീ.സി.വി.അരവിന്ദാക്ഷൻ

ആശംസകൾ........




ന് ആശംസകൾ........



ഹെഡ്മിസ്ട്രസ്സ്

ശ്രീമതി.റീന.കെ.ടി

little KITEs

# സ്ക്രോൾ ചെയ്യുമ്പോൾ.................................


1. മഞ്ഞുതുള്ളി.........................................................................................വൈഗരാജ് എ 9

2. വെള്ളാരം കുന്നിലെ ഒരു കർഷകന്റെ ജീവിതം................അനുശ്രീ കെ നായർ 10

3. ബുദ്ധന്റെ കൈകൾ....................................................................................സിനാഷ 13

4. ഡിജിറ്റൽ പെയിന്റിങ്.............................................................................റോഹൻ തോമസ്സ് 14

5. [illegible] 15

6. [illegible] 17

7. കറുപ്പന്റെ അഴക്............................................................................സ്മേര ഗോവിന്ദ് 19

8. ചിത്രം.................................................................................................ധ്രുവ്ദേവ് 20

9. [illegible] 21

10. കുടയില്ലാത്തവർ(പുസ്തകാസ്വാദനം)....................................................ശ്രേയ പി 24

[illegible]

12. മാതൃഭാഷയെക്കുറിച്ച് ചില വിവരങ്ങൾ.............................ഡോ.കെ.വി.സജീവൻ 27

13. പോസ്റ്റർ.........................................................................................റോഹൻ തോമസ്സ് 32

14. പോസ്റ്റർ...................................................................................................അമൻ കൃഷ്ണൻ 33

15. പോസ്റ്റർ.........................................................................................മാനുവൽ കെ ഷാജി 33

16. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.......................................................അമൻ കൃഷ്ണൻ 34

[illegible]

18. ചിത്രം...........................................................................................അനന്തകൃഷ്ണൻ കെ 36

19. ഇന്ത്യ ഒരു മതേതര രാഷ്ട്രം..........................................................അതുല്യ സുരേഷ് 37

20. മർത്യൻ ക്രൂരനാണ്.........................................................................ദിയ ഫാത്തിമ 40

21. ഞാൻ സുന്ദരൻ(പുസ്തകാസ്വാദനം)...............................................ദേവനന്ദ മുരളി 41




Enter

കവിത

വൈഗ രാജ് . എ
8 B

# 'മഞ്ഞുതുള്ളി'

മാനത്തുനിന്നിറ്റിറ്റ് വീഴുന്ന മഞ്ഞുതുള്ളി
നിന്നെ കാണാൻ എന്തിത്രചേല്
രാവിനും നീ കുളിർ പാകും
പുൽനാമ്ബിനും നീ ചേലു തന്നെ
ശീതം നിറഞ്ഞൊരു നേരം
നീ തന്നു ഞങ്ങൾക്കും സ്നേഹം
പുലരിതുടിപ്പിൽ വിതുമ്പുന്നൊരാ
ഇളംകാറ്റിൽ അടരാനൊരുങ്ങിയോ നീ
എത്ര സുന്ദരം നിൻ മഴവിൽചന്തം
തുമഴയായി പെയ്യുന്നു നീയെൻ ഉയിരിൽ
അംശുദൻ തൻ രശ്മിയിൽ
അലിഞ്ഞു  ചേർന്നുവോ നീ.......
എൻ മഞ്ഞുതുള്ളി
ധരണിയിൽ കുളിരായി പെയ്യു നീ......



←Enter

കഥ

അനുശ്രീ കെ നായർ
6 B

## വെള്ളാരം കുന്നിലെ ഒരു കർഷകന്റെ ജീവിതം

പണ്ട്.... പണ്ട്....ഒരു ഗ്രാമം ഉണ്ടായിരുന്നു.അവിടത്തെ മനുഷ്യരെല്ലാം സഹായിച്ചും സ്നേഹിച്ചും സന്തോഷത്തോടെയുമാണ് അവിടെ ജീവിച്ചിരുന്നത്.ആ ഗ്രാമത്തിൽ കൃഷി എന്നു പറഞ്ഞാൽ വികാരമായിരുന്നു.ആ ഗ്രാമത്തിൽ കൃഷി അധികമായതുകൊണ്ട് അവിടം കാണാൻ അതിമനോഹരമാണ്.അതുകൊണ്ടുതന്നെ ആ ഗ്രാമത്തിന്റെ പേര് വെള്ളാരംകുന്ന് എന്നാണ്.ആ ഗ്രാമത്തിലെ മനുഷ്യരിൽ ഒരാളായിരുന്നു മുകുന്ദൻ എന്ന കർഷകൻ.അദ്ദേഹം കൃഷി ചെയ്താണ് വീട്ടിലെ ചിലവ് നിയന്ത്രിക്കുന്നത്.അദ്ദേഹം ഇതുവരെ ഒരു മനുഷ്യനെയും ഉപദ്രവിചിട്ടില്ല.സഹായിക്കുക മാത്രമെ ചെയ്തിട്ടുള്ളു. അദ്ദഹത്തിന് ഭാര്യയും രണ്ട് മക്കളുമാണ് ഉള്ളത്.അങ്ങനെ ഒരിക്കൽ  അവരുടെ ഗ്രാമത്തിൽ ഒരു കുടുംബം വന്നെത്തി.ആ കുടുംബം ആദ്യമായിട്ടാണ് ഈ ഗ്രാമത്തിൽ വന്നുചേരുന്നത്.ഇപ്പോൾ പുതുതായി വന്ന കുടുംബത്തിന്റെ ഗൃഹനാഥൻ ആണ് സേട്ജി.അദ്ദേഹത്തിന്റെ ശരിയായ പേര് സേട്ജി എന്നല്ലായിരുന്നു. അദ്ദേഹത്തെ എല്ലാവരും അങ്ങനെയാണ് വിളിചിരുന്നത്.സേട്ജിക്ക് സ്വർ പണിയായിരുന്നു.അതുകൊണ്ട് തന്നെ അദ്ദേഹം വളരെ ധനം ഉള്ളവനായിരുന്നു.അങ്ങനെ ഒരു ദിവസം മുകുന്ദൻ പതിവുപോലെ കൃഷി സ്ഥലത്ത് പോയി.അവിടെ സേട്ജി നിൽപ്പുണ്ടായിരുന്നു.അങ്ങനെ മുകുന്ദനും സേട്ജിയും സുഹൃത്തുക്കളായിമാറി.ഒരിക്കൽ ആ ഗ്രാമത്തിൽ ഇതുവരെ ഉണ്ടാവാത്ത മഴയും കാറ്റും വന്നു.അതുകൊണ്ട് മുകുന്ദന് കൃഷിയൊന്നും സാധിചില്ല.അതുമൂലം മൂലം മുകുന്ദന് കുടുംബം  നോക്കാൻ ബുദ്ധിമുട്ട് അനുഭവപെടാൻ തുടങ്ങി.അപ്പോൾ മുകുന്ദന് ഒരു ആശയം തലയിൽ ഉദിച്ചു.അതെന്തെന്നാൽ തന്റെ കൂട്ടുകാരനായ സേട്ജിയോട് പണം കടം വാങ്ങാം.അങ്ങനെ സേട്ജി അവന് പണം നൽകി.പക്ഷേ അദ്ദഹം പറഞ്ഞതെന്തെന്നാൽ ഒരു മാസം അതിനുള്ളിൽ എന്റെ പണം നൽകിയില്ലെങ്കിൽ അപ്പോൾ കാണിച്ചുതരാം എന്നായിരുന്നു.അപ്പോൾ മുകുന്തൻ പറഞ്ഞു നമ്മൾക്കിടയിൽ എന്തിനാ

ഇങ്ങനെയൊക്കെ..സേട്ജി അതൊന്നും പറഞ്ഞാൽ പറ്റില്ല എന്ന് സേട്ജി.മുകുന്ദൻ സമ്മതിച്ചു.അങ്ങനെ ഒരു മാസം കഴിഞ്ഞു.ഇതുവരെയും മുകുന്ദൻ സേട്ജിയുടെ പണം കൊടുത്തിട്ടില്ല.അങ്ങനെ ആ പണം വാങ്ങാനായി സേട്ജി മുകുന്ദന്റെ വീട്ടിൽ ചെന്നു.പക്ഷേ മുകുന്ദൻ തന്റെ കൈയിൽ പണമില്ല എന്നു സേട്ജിയോട് പറഞ്ഞു.ഇത്രയും പറഞ്ഞിട്ടും അദ്ദേഹം ഒരു കുസലുപോലും കാണിച്ചില്ല.സേട്ജി പറഞ്ഞു നീ എനിക്ക് പണം തരേണ്ടതില്ല പകരം നീ കൃഷി ചെയ്യുന്ന സ്ഥലം എനിക്ക് തരണം.മുകുന്ദൻ "അയ്യോകുട്ടകാരാ അത് തന്നാൽ ഞാൻഎങ്ങനെ ജീവിക്കും വെള്ളാരം കുന്നിലെ ഓരോ സ്ഥലത്തും മുകുന്ദനാണ് പച്ചക്കറിയും പഴങ്ങളും കൊടുക്കുന്നത്.ഈ സംഭവം നടന്നിട്ട് ഒരു വർഷം കഴിഞ്ഞിട്ടും മുകുന്ദന് തന്റെ സ്ഥലം തിരിചുകിട്ടിയില്ല.ഒരു ദിവസം മുകുന്ദൻ സേട്ജിയുടെ വീട്ടിൽ ചെന്നിട്ട് പറഞ്ഞു നിങ്ങൾ എന്റെ സ്ഥലം തിരിചുതരണം എന്നാവശ്യപെട്ടു.പക്ഷേ സേട്ജി പറഞ്ഞു അത് സാധിക്കില്ല നീ എന്റെ പണം തിരിചുതരാതെ ഞാൻ നിന്റെ സ്ഥലം തിരിച്ചുതരില്ല. അതകേട്ട്  മുകുന്ദൻ അവിടെ നിന്നും ഇറങ്ങി പോയി.അങ്ങനെ മുകുന്ദൻ  മനസ്സിൽ തിരുമാനിച്ചു എങ്ങമന എങ്കിലും ആ പണം തിരിച്ചു കൊടുക്കണം എന്ന്.ഒരു ദിവസം എങ്ങനെ ഒക്കയോ പണം സമ്പാദിച്ച് സേട്ജിക്ക് കൊടുക്കാൻ തിരുമാനിച്ചു.പക്ഷെ സേട്ജി അത് തിരിച്ചറിഞ്ഞില്ല.അയാൾ മുകുന്ദനെ വെള്ളാരം കുന്നിലെ എല്ലാവരും കൂടി  നിൽക്കുന്ന സ്ഥലത്ത് കൊണ്ട് പോയി ദേഷ്യപെടുകയും വേണ്ടാത്തത് വിളിച്ചുപറയുകയും ചെയ്തു.തല്ലും ഒരുപാട് കൊണ്ടു.അങ്ങനെ സേട്ജി എന്തോ  ചോദിക്കുമ്പോഴാണ് അദ്ദേഹം ആ സത്യം തിരിച്ചറിയുന്നത് മുകുന്ദൻ എന്ന പാവം ചെയ്യാൻ വന്ന കാര്യത്തെക്കുറിച്ച്.അദ്ദേഹം സേട്ജിയോട് വാങ്ങിച്ച പണം തിരിച്ചുകൊടുക്കാനാണ് അദ്ദേഹം വന്നതെന്ന് സേട്ജി അറിഞ്ഞിരുന്നില്ല.സേട്ജി അദ്ദേഹത്തിനോട് ഷമ പോലും ചോദിച്ചില്ല. സേട്ജി മുകുന്ദന്റെ സ്ഥലം തിരിച്ചുകൊടുത്തതുമില്ല.പിന്നെ വെള്ളാരം കുന്നിലെ പകുതി ആൾക്കാർക്കും കഴിക്കാൻ ഭക്ഷണമില്ലാതെ വന്നു.സേട്ജിക്കുപോലും കഴിക്കാൻ ഭക്ഷണമില്ലാതെയായി.                    അപ്പോഴാണ് സേട്ജിക്ക് ഒരു കാര്യം മനസിലായത് മുകുന്ദൻ കൃഷി ചെയ്തില്ലെങ്കിൽ അവിടെ കഴിക്കാൻ ഭക്ഷണം ഉണ്ടാവില്ല എന്ന്.

അതുകൊണ്ടാണ് കർഷകൻ ദൈവത്തിന് തുല്യം എന്ന് പറയുന്നത്.  കാരണം അവർ ഇല്ലെങ്കിൽ നമ്മളും ഇല്ല.....

–



Enter

# ലിറ്റിൽ കൈറ്റ്സ്.....................................









സിനാഷ
ഹ്യൂമാനിറ്റീസ് . XI


# 'ബുദ്ധന്റെ കൈകൾ'

ക്ഷേത്രമുറ്റത്തുവച്ച് വെട്ടിമാറ്റപ്പെട്ട
ബുദ്ധന്റെ കൈകൾ
സൂര്യന്റെ ഉടുപ്പുകളിലൂടെ
പ്രഭാതത്തിലേക്കുരിയിറങ്ങുന്നു.
മണ്ണിലൂടെ പരതിനടന്ന്,അവ
വസന്തത്തിന്റെ ചുണ്ടുകളെ
നേർങ്ങനെ നനയ്ക്കുന്നു
പിറന്നു വീഴുന്ന കുഞ്ഞുങ്ങളുടെ
മിഴിഞ്ഞ കണ്ണുകളിൽ
പുഞ്ചിരിയുണ്ടാക്കി
തിരി നീട്ടി വെക്കുന്നു.
ഓവുചാലിൽ നിന്നും ക്ഷമയോടെ
കവിതകളെ കോരിമാറ്റുന്നു.
അതെ,ബുദ്ധന്റെ കൈകൾ
ആൾക്കൂട്ടത്തിനുമീതേക്ക്
ഒരുപിടി നക്ഷത്രങ്ങൾ
വീശിയെറിയുന്നു.



Enter


DO NOT BURN PLASTIC
IT WILL POLUTE THE ATMOSPHERE


Enter

# യൂണിറ്റ് ക്യാമ്പ്





സ്മേര ഗോവിന്ദ്
8–ബി

# കറുപ്പന്റ് അഴക്

ഇവൻ എത്ര കറുപ്പനാ
എന്നാലും അതിലധികം
സന്തോഷവും.
പൂവിതളിലെ ജലകങ്ങൾ
നിന്നിലെ ചിറകിൽ അലിഞ്ഞു
ഇളം കാറ്റ് അവനെ തഴുകി,
പച്ചിലകൾ തൊട്ടു തലോടി.
ഉദയസൂര്യൻ കറുപ്പന്റെ
സന്തോഷത്തെ
അസൂയയോടെ നോക്കി.
നിലാവിന്റെ വെളിച്ചം അവനിൽ
അലിഞ്ഞു ചേർന്നു.



Enter

# ചിത്രം

ധ്രുവ്ദേവ്





ആസ്വാദനക്കുറിപ്പ് ശ്രേയ പി

9A

# കുടയില്ലാത്തവർ

ശ്രീ.ഒ.എൻ.വി കുറുപ്പിന്റെ ഞാനാഗ്നി എന്ന കവിതയിൽ നിന്നും എടുത്തിട്ടുള്ള ഒരു കവിതയാണ് കുടയില്ലാത്തവർ.ഇതിൽ കവി പള്ളിക്കൂടം തുറക്കുന്നതും കുട്ടികളെല്ലാം പുതിയ പാംപുസ്തകവുമായി പോകുന്നതും വളരെ മനോഹരമായി പറഞ്ഞിരിക്കുന്നു. ഈ കുട്ടികളെ കാണുമ്പോൾ തന്റെ കുട്ടിക്കാലം കവിക്ക് ഓർമ്മ വരുന്നു. തനിക്ക്  ഒരു കൂട്ടുക്കാരി ഉണ്ടായിരുന്നുവെന്നും കുടയില്ലാതെ നനഞ്ഞുപോയ തന്നെ ആ കുട്ടി തന്റെ കുടയിൽ കയറ്റിയതും ഈ കവിതയീല്ലൂടെ കവി പറയുന്നു.

“അനിയനല്ലാതൊരനിയനേയും
നനയാതെന്നോതിന്റെ കുടയിൽ നിർത്തും
കനിവായ് വരുന്നൊരു കൊച്ചുപെങ്ങൾ"

ഈ കവിതയിൽ വളരെ മനോഹരമായി തന്റെ കുട്ടിക്കാലം കവി വിവരിക്കുന്നുണ്ട്. ആശയഭംഗി കൊണ്ടും ഈ കവിത എന്നെ ഏറെ കൗതുകപ്പെട്ടുത്തി . കുട്ടികളെ മഴത്തുള്ളികൾ തുള്ളി വരുന്നത് പോലെയാണ് ഈ കവിതയിൽ ഉപമിച്ചിരിക്കുന്നത്.

# ബോധവത്കരണ ക്ലാസ്സുകൾ





Diya Raju Chundayil
7-B

# 'Social Media'

[illegible]

ലേഖനം

ഡോ.കെ വി സജീവൻ

▯ ▯▯ വിഭാഗം, മലയാളം അദ്ധ്യാപകൻ

# മാതൃഭാഷയെക്കുറിച്ച് ചില വിചാരങ്ങൾ

മാതൃഭാഷയെ മാധ്യമമാക്കിയുള്ള വിദ്യാഭ്യാസമാണ് വേണ്ടതെന്ന് ആവർത്തിച്ച പറയുന്നവരെ പുച്ഛത്തോടെ നോക്കുന്ന ആളുകളുടെ എണ്ണം കൂടിക്കൂടി വരികയാണ്. മലയാളമെന്ന നമ്മുടെ മാതൃഭാഷയുടെ ഭാവി തന്നെ ചോദ്യം ചെയ്യപ്പെടുന്ന നിലയിലേക്ക് കൊളോണിയൽ ഭാഷാഭ്രമം അതിരുവിടുന്ന സ്ഥിതിയുണ്ട്. ഇതര ഭാഷകളുടെ പഠനം അനിവാര്യമായിരിക്കെത്തന്നെ മാതൃഭാഷയുടെ ചരമ ശയ്യയിൽ വേണോ അവയുടെ വാഴ്ത്തുകൾ എന്ന ചോദ്യമാണ് ഉയരുന്നത്.

മാതൃഭാഷ യഥാർത്ഥത്തിൽ ഒരു ജനതയുടെ ജീവശ്വാസമാണ്. നാം സ്വപ്നം കാണുന്നതും ചിന്തിക്കുന്നതും മാതൃഭാഷയിലാണ്. ഒരു ശിശു അവൻ്റെ അനുഭവങ്ങളെ സ്വാംശീകരിക്കുന്നത് മാതൃഭാഷയിലൂടെയാണ്.അതാണ് ഏറ്റവും എളുപ്പമുള്ള മാർഗ്ഗം. പല തരം കാഴ്ചകൾ, രുചികൾ, ഗന്ധങ്ങൾ, ശബ്ദങ്ങൾ ഇങ്ങനെ ചുറ്റുപാടിൽ നിന്ന് ഒപ്പിയെടുക്കേണ്ട എല്ലാത്തിനേയും മാതൃഭാഷയിലൂടെയാണ് ഒരാൾ സ്വീകരിക്കുന്നത്. ഏറ്റവും ഹൃദ്യമായ അനുഭവങ്ങളായി അവ മാറുന്നതും അങ്ങനെയാണ്.

"കുളിര് " എന്ന വാക്ക് കേൾക്കുമ്പോൾ അത് ശബ്ദം മാത്രമായല്ല നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നത്. വാക്കിൻ്റെ പുറപ്പെടലോടൊപ്പം നമ്മുടെ ശരീരവും ആ അനുഭവത്തെ പങ്കു വെക്കാൻ തുടങ്ങുന്നു. "കുളിർമ " ശാരീരികാനുഭവമായി മാറുന്നു. തത്തുല്യമായ ഒരു ഇതര ഭാഷാ പദം

ഇതേ സ്ഥാനത്ത് ഉപയോഗിച്ചാൽ ഒരിക്കലും ആ അനുഭവം നമുക്കുണ്ടാവില്ല. നമ്മുടെ മനസ്സിനേയോ ശരീരത്തെ യോ സ്പർശിക്കാതെ അത് ശബ്ദം മാത്രമായി അവസാനിക്കും. നമ്മുടെ രസനകളെ ഉദ്ദീപിപ്പിക്കുന്ന ചില ഭക്ഷ്യവസ്തുക്കളുടെ പേരുകൾ പറയുമ്പോഴും ഇമ്മാതിരി അനുഭവങ്ങളുണ്ടാകും." പുളി" ഉദാഹരണം. പുളിയെക്കുറിച്ച് പറയാൻ തുടങ്ങുമ്പോഴേക്കും നമ്മുടെ നാവിൽ നിന്ന് വെള്ളമൂറാൻ തുടങ്ങും. ശബ്ദം രസനകളെ ത്വരിപ്പിക്കും. വാക്ക് അനുഭവമായി മാറും. വാക്കിൻ്റെ ഭാവശക്തിയാണത്. മാതൃഭാഷയ്ക്ക് മാത്രമേ ഇങ്ങനെയൊരു ഭാവശക്തി നൽകാനാവൂ. 'ടാമറിൻ്റ് ഫ്രൂട്ട് ' എന്ന ഇംഗ്ലീഷ് വാക്ക് എത്ര തവണ എത്ര ഉച്ചത്തിൽ പറഞ്ഞാലും ആ അനുഭവമുണ്ടാകില്ല. മാതൃഭാഷ നമ്മുടെ ജീവിതത്തെ ആഴത്തിൽ തൊടുന്നതെങ്ങനെ എന്ന് മനസ്സിലാക്കാൻ ഇതിൽപരം മറ്റൊരു തെളിവ് ആവശ്യമില്ല.


ബോധന മാധ്യമം മാതൃഭാഷയാകുന്നതോടെ അറിവിൻ്റെ വിശാലതകളെ ആഴത്തിൽ അനുഭവിക്കാൻ കഴിയുമെന്നാണ് ഭാഷാവിദഗ്ധരും മനശ്ശാസ്ത്രജ്ഞരും കരുതുന്നത്. എന്തും ഏതും മാതൃഭാഷയിൽ പഠിക്കാനുള്ള അവസരമാണുണ്ടാകേണ്ടത്. എം.ബി.ബി.എസ് .പഠനം മാതൃഭാഷയിലാവുകയാണെങ്കിൽ അത് നമ്മുടെ ഡോക്ടർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുമെന്നുറപ്പ്. അങ്ങനെയാണ് പല രാഷ്ട്രങ്ങളിലേയും അനുഭവം. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ ആ സാധ്യത ഇനിയും തുറക്കപ്പെട്ടിട്ടില്ല. രോഗനിർണ്ണയം നടത്താനും അത് രോഗിയെ എളുപ്പത്തിൽ പറഞ്ഞ് ബോധ്യപ്പെടുത്താനും


Enter

മാതൃഭാഷ വഴിയുള്ള ഭിഷഗ്വര പഠനം കൊണ്ട് കാര്യക്ഷമമായി  സാധിക്കും. ഡോക്ടറുടെ കുറിപ്പിൽ എന്താണ് എഴുതിയിരിക്കുന്നത് എന്നറിയാതെ മിഴിച്ചു നിൽക്കുന്ന ബഹു ഭൂരിപക്ഷത്തിൻ്റെ ജനാധിപത്യാവകാശവും അതുവഴി സംരക്ഷിക്കപ്പെടുമെന്നുറപ്പ്.

പ്രതിക്കൂട്ടിലിരിക്കുന്ന ( വാദിക്കൂട്ടിലും ) വർക്ക് ജഡ്ജിയുടെ വിധിന്യായം എങ്ങനെ മനസ്സിലാകാനാണ്? നമ്മുടെ കോടതികൾ എക്കാലവും സംസാരിക്കുന്നത് ഇംഗ്ലീഷ് ഭാഷയിലാണ്. കോടതി ഭാഷ മലയാളമാക്കാനുള്ള ശ്രമങ്ങൾ കേരളത്തിൽ തുടങ്ങിക്കഴിഞ്ഞിട്ടുണ്ടെന്നത് ആശാവഹമായ കാര്യമാണ്. പൗരൻ്റെ ജനാധിപത്യാവകാശങ്ങളെ പരിഗണിക്കേണ്ടി വരുമ്പോൾ മാതൃഭാഷയാണ് ഒന്നാമതായി ചർച്ചാ സൂചകമായി വരുന്നത്. മനുഷ്യരിടപെടുന്ന സകല സ്ഥലങ്ങളിലും മാതൃഭാഷകൊണ്ടുള്ള വിനിമയം പോലെ സൗകര്യപ്രദമായ മറ്റൊരു ഏർപ്പാടില്ല. സൂചനാ ഫലകങ്ങൾ, ഗതാഗത സംവിധാനങ്ങളുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, വ്യാപാര സ്ഥാപനങ്ങളുടെ ബോർഡുകൾ എന്നിവകളിലെല്ലാം മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന സമീപനം വികസിപ്പിക്കേണ്ടതുണ്ട്. ജീവിതത്തിൻ്റെ എല്ലാ മേഖലകളിലും ഭാഷയുടെ ഇടപെടൽ ഉള്ളതുകൊണ്ട് മാതൃഭാഷയെ പരിഗണിക്കാതെ ഒരു പരിഷ്കൃത സമൂഹത്തിന് മുന്നോട്ട് പോകാനാകില്ല. സമ്പന്ന സംസ്കാരം പേറുന്ന എല്ലാ രാഷ്ട്രങ്ങളും മാതൃഭാഷയിലൂടെയാണത് നിലനിർത്തുന്നതെന്ന് ഇന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടുണ്ട് .

ബോധന മാധ്യമം മാതൃഭാഷയാകുന്നതോടെ എല്ലാ പ്രശ്നങ്ങളും അവസാനിക്കുമെന്ന് കരുതുന്നില്ലെങ്കിലും ഭാഷയുടെ ജൈവികതയെക്കുറിച്ചുള്ള ആ തിരിച്ചറിവ് സമൂഹത്തിന്റെ ഭാവിയെ നിർണ്ണായകമായി സ്വാധീനിക്കുമെന്നുറപ്പ്.


G.H.S.S Balla east
Freedom Fest 2023
Knowledge Innovation Technology
Tagore Theater Thiruvananthapuram
August 12to15


G.H.S.S BALLA EAST
FREEDOM FEST 2023
Knowledge Innovatition Technology
Tagore Theater Thiruvananthapuram
AUGUST 12 TO 15


Knowledge Innovation Technnology
Tagore Theater
Thiruvananthapuram


GHSS BALLA EAST
FREEDOM
FEST 2023
knowledge innovation technology
AUGUST 12 to 15
Tagore Theatre
Thiruvananthapuram
welcome
everyone


G.H.S.S Balla East
സ്വതന്ത്ര വിജ്ഞാനോത്സവം 2023
Knowledge
Innovation
Technology
2023 ആഗസ്റ്റ് 12
മുതൽ 15 വരെ
ടാഗോർ തിയറ്റർ തിരുവനന്തപുരം


അമൻ കൃഷ്ണൻ
8C

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

എന്താണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ?
മനുഷ്യസഹായത്തോടെ കാര്യങ്ങൾ നിർവഹിക്കാൻ കഴിയുന്ന മെഷിനുകളുടെ ബുദ്ധിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (ai) ഇന്റെ സഹായത്തോടെ മെഷീനുകൾക്ക് ചിന്തിക്കുവാനും കാര്യങ്ങൾ ആസൂത്രണം ചെയ്യാനും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും ഉള്ള കഴിവ് ലഭിക്കുന്നു.മെഷിനുകൾക്ക് ഉദാഹരണമായി കംപ്യൂട്ടർ എടുക്കാം.നമ്മുടെ ഈ ആധുനിക കാലഘട്ടത്തിൽ കംപ്യൂട്ടറുകളെ ആശ്രയിച്ചാണ് നമ്മുടെ ജീവിതം.ദൈനന്തിക ജീവിതത്തിൽ നമ്മൾ പല കാര്യങ്ങൾക്കും വേണ്ടി കംപ്യൂട്ടറുകളെ ആശ്രയിക്കുന്നു.അതിനാൽ നമ്മുടെ ജീവിതം എളുപ്പമാക്കുന്നതിന് കംപ്യൂട്ടറുകളെ ബുദ്ധിപരമാക്കേണ്ടത് പ്രധാനമാണ്. ഇത് നമുക്ക് aiയുടെ സഹായത്തോടെ പര്യാപ്തമാക്കാം. ai യുടെ സഹായത്തോടെ കംപ്യൂട്ടറുകൾക്ക് ലോകത്തിലെ പല കാര്യങ്ങളും ഒറ്റ ക്ലിക്കിൽ നമ്മുടെ വിരൽത്തുമ്പിൽ എത്തിക്കാൻ കഴിയും .മനുഷ്യർക്ക് ai യുടെ സഹായം വളരെ ഫലപ്രദമാണ്.അത് പോലെ തന്നെ ai അപകടകാരിയുമാണ്.ഉദാ:ഒരു വ്യക്തി ചെയ്യാത്ത കാര്യം ചെയ്തു എന്ന് കാണിക്കുന്ന വീഡിയോകൾ ക്രത്രിമമായ ഉണ്ടാക്കാൻ സാധിക്കുന്നു.പല വ്യാജ വീഡിയോകളും ai യുടെ സഹായത്തോടെ ഇന്ന് മാധ്യമങ്ങളിൽ പ്രചരിക്കുന്നു.ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് പല കാര്യങ്ങളും മനുഷ്യരെക്കാൾ വേഗത്തിൽ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നത് കൊണ്ട് പല മേഖലകളിലെയും ജോലി നഷ്ടപ്പെട്ടിരിക്കുന്നു.മനുഷ്യരാശിയെ തന്നെ ചോദ്യം ചെയ്യുന്ന മെഷിനുകളും ഉണ്ട്.

ചിത്രം

അനന്തകൃഷ്ണൻ കെ



ഉപന്യാസം

അതുല്യ സുരേഷ്
XI -ഹ്യുമാനിറ്റീസ്.

# ഇന്ത്യ ഒരു മതേതര രാഷ്ട്രം

നമ്മുടെ ഇന്ത്യയെ മതേതര രാഷ്ട്രമായാണ് നമ്മളും ലോകരാജ്യങ്ങളും കാണുന്നത്.ഇന്ത്യയിൽ ഒരിക്കലും ഒരു മതത്തിനും പ്രത്യേക പരിഗണന നൽകുന്നില്ല.അതുകൊണ്ട് തന്നെ ഇന്ത്യക്ക് ഒരു ഔദ്യോഗിക മതമില്ല.ഇന്ത്യയിലെ എല്ലാ മതങ്ങൾക്കും തുല്യ അവകാശങ്ങൾ ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്നുണ്ട്.തന്റെ മതത്തെ വിശ്വസിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഓരോ മതങ്ങൾക്കും ഉണ്ട്.

എന്നിരുന്നാലും ഈ അടുത്തകാലത്തായി ഇന്ത്യയിൽ ചെറിയ തോതിലുള്ള മതസംഘർഷങ്ങൾ രൂപം കൊണ്ടിട്ടുണ്ട്.ഇന്ത്യയുടെ പല ഭാഗങ്ങളിലും ഹിന്ദു-മുസ്ലീം സംഘർഷങ്ങൾ നേരിയ തോതിൽ ഉടലെടുക്കുന്നുണ്ട്. പല തെറ്റായ ധാരണകളും പലരുടെയും പക്ഷഭേതങ്ങളുമാണ് ഇന്ത്യയിൽ ഈ സംഘർഷങ്ങൾ ഉടലെടുക്കുന്നതിനുള്ള പ്രധാന കാരണം.

ഇന്ത്യ ഒരു മതേതര രാജ്യമാണെന്ന് അറിയപ്പെടുമ്പോഴും അതിനെ തകർക്കാൻ,മതപരമായ ഐക്യത്തെ ഇല്ലാതാക്കാൻ,മതത്തിന്റെ പേരിൽ ആൾക്കാരെ ചൂഷണം ചെയ്യാൻ ഇന്ത്യിലെ തന്നെ ചില സാമൂഹ്യവിരുദ്ധർ ശ്രമിക്കുന്നുണ്ട്.ഇന്ത്യയുടെ മതേതരത്വം എന്നതിനെ ഇല്ലാതാക്കുന്ന സാമൂഹ്യവിരുദ്ധരെയാണ് ആദ്യം സമൂഹത്തിൽ നിന്ന് തുടച്ച് മാറ്റേണ്ടത്.ജാതിയുടെ പേരിലും വർണ്ണത്തിന്റെ പേരിലും അക്രമിക്കപ്പെടുന്നതും സമൂഹത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നതുമായ ഒട്ടേറെ പേർ ഇന്നും ജീവിക്കുന്നുണ്ട്.അതിനുദാഹരണമാണ് ഈ അടുത്തിടെ സ്ത്രീകളെ നഗ്നരാക്കി തെരുവിലൂടെ നടത്തിച്ചത്.ഇന്ത്യ

കണ്ട ഏറ്റവും ക്രൂരമായ നടപടിയായിരുന്നു അത്.ജാതിയുടെ പേരിലായിരുന്നു ആ സ്ത്രീകൾ അനുഭവിച്ച ദുരിതം.എല്ലാ മതങ്ങൾക്കും ഇന്ത്യയിൽ സ്വാതന്ത്ര്യമുണ്ട്.ആ സ്വാതന്ത്ര്യത്തെയാണ് ചിലർ ദുരുപയോഗം ചെയ്യുന്നത്.

ആധുനിക കാലഘട്ടത്തിലെക്ക് ഇന്ത്യ കടന്നു പോവുമ്പോഴ മതം ഒരു പ്രധാന ചർച്ച വിഷയമായി ലോകത്തിലെ നാനാഭാഗങ്ങളിലും മുഴങ്ങി കേൾക്കുന്നു . ഹിന്ദു – ക്രൈസ്തവ – മുസ്ലിം –ജൈന മുതലായി  മതങ്ങളുടെ ഐക്യത്തിൽ മാത്രമേ ഇന്ത്യ ഇന്ത്യയാകുള്ളു . ഇന്ത്യ തന്റെ പരിപൂർണത കൈവരിക്കുന്നത് .മതങ്ങൾ തമ്മിലുള്ള ഐക്യത്തിലാണ് .വർധിച്ചു വരുന്ന മത ചിന്തകളുടെയും, അതിന്റെ നല്ലതും മോശവുമായ തലങ്ങൾ ഇന്ത്യയെ ഗുണമായും ദോഷമായും ബാധിക്കുന്നുണ്ട്. അടുത്ത കാലത്തായി നടക്കുന്ന മത പ്രവർത്തനങ്ങൾ ഇന്ത്യയുടെ തകർച്ചയ്ക്ക് വലിയൊരു കാരണമാവാം .

ഇന്ത്യയുടെ  പലഭാഗത്തും വർണ്ണത്തിന്റെ  പേരിൽ അടിച്ചമർത്തപ്പെടുന്ന അനേകം പേരുണ്ട്.അവരിൽ പലർക്കും തങ്ങളുടെ സ്വാതന്ത്ര്യങ്ങൾ അനുവദിക്കാൻ കഴിയുന്നില്ല എന്നതാണ് സത്യം.അവർ ഒരർത്ഥത്തിൽ  പറഞ്ഞാൽ അടിമകളാണ്.

ഇന്ത്യയിലെ ഒരു മേഖലയിലും മതം കടന്നുവരാറില്ല.പക്ഷേ  ഇന്നടുത്ത കാലത്തായി  ഇന്ത്യ എന്തിനാണോ, ഏത് കാര്യത്തിനു വേണ്ടിയാണോ മത സ്വതന്ത്ര്യം അംഗീകരിച്ചത് അതല്ല നടക്കുന്നത്.മതങ്ങൾ  എല്ലാ മേഖലയിലും കടന്നുവരുന്നു എന്നതാണ്. തൊഴിൽ സംബന്ധിയായയാലും മറ്റ് ഏത് സേവനങ്ങൾക്കായയാലും,സ്കൂൾ സർട്ടിഫിക്കറ്റുകളിൽ വരെ മതത്തിനാണ് മുൻഗണന നൽകുന്നത്.

ഇന്ത്യയെ ഒരു മത സൗഹൃദ രാജ്യമാക്കി മാറ്റുന്നതിൽ ഗാന്ധിജി,ജവഹർലാൽ നെഹ്റു,ഡോ.ബി.ആർ അംബേദ്കർ പോലുള്ള ഒട്ടനവധി സ്വാതന്ത്ര്യസമര നായകർക്ക് കഴിഞ്ഞിട്ടുണ്ട്.അവരുടെ ആശയങ്ങളാണ് ഇന്ത്യ ഇന്നും മതത്തിന്റെ ഐക്യം കൈവെടിയാതെ കൊണ്ടുപോകുന്നത്.അവരുടെ ആദർശങ്ങളാണ് ഓരോ തലമുറയ്ക്കും മതസൗഹൃദാന്തരീക്ഷം വളർത്തി കൊണ്ട്പോകാൻ സഹായിക്കുന്നത്.

മതം ഇന്ത്യയുടെ ഒട്ടാകെയുള്ള വികാരമാണ്.അതിനെ നല്ല രീതിയിലും മോശമായ രീതിയിലും ചിത്രീകരിക്കുന്നത് മനുഷ്യൻ തന്നെയാണ്.മതത്തെ സ്രൃഷ്ടിച്ചത് മനുഷ്യനാണ്.എന്നാൽ എല്ലാ മതത്തിലും രാമായണത്തിലായാലും, ബൈബിളിലായാലും, ഖുർആനിലും ഒക്കെ പറയുന്നത് ഒന്നു തന്നെയാണ്.മനുഷ്യനോടും ചുറ്റുപാടുകളോടുമുള്ള സ്നേഹമം തന്നെയാണ് എല്ലാ വിശുദ്ധ പുസ്തകങ്ങളിലും പ്രദിപാതിക്കുന്നത്.എന്നാൽ ചില മതഭ്രാന്തൻമാർ തങ്ങളുടെ മതമാണ് ശ്രേഷ്ഠമെന്ന് തങ്ങളുടെ മതത്തിന്റെ കീഴിലായിരിക്കണം മറ്റു മതങ്ങളെന്നും വിചാരിച്ചുകൊണ്ട് മറ്റുള്ളവരെ അക്രമിക്കുന്നു.മരണത്തിൽ പോലും മത ചിന്തകൊണ്ട് നടക്കുന്നവരാണ് പലരും.

മതം പലർക്കും പല രീതിയിലാണ്.മതത്തെ തന്റെ അധീനതയിൽ വയ്ക്കാൻ ശ്രമിക്കുമ്പോഴാണ് മത സംഘർഷങ്ങൾ ഉണ്ടാകുന്നത്.ഈ സംഘർഷങ്ങൾ ഇല്ലാതാക്കി എല്ലാവരും ഒരേ മനസ്സോടെ,ഐക്യത്തോടെ നിൽക്കുകയും മതം എന്നതിലുപരി നമ്മൾ ഇന്ത്യക്കാരാണെന്ന ബോധം എല്ലാവർക്കും ഉണ്ടാകണം. എന്നാൽ മാത്രമേ ഇന്ത്യ പൂർണമായും ഒരു മതേതര രാജ്യമാണെന്ന് പറയാൻ സാധിക്കുകയുള്ളു.

ദിയ ഫാത്തിമ.എ.എസ്
6 B

# മർത്യൻ ക്രൂരനാണ്

ക്രൂരനായി ജനിക്കും മനുഷ്യനെ
വെറുക്കുമി ഭൂമീ മാതാവ് എന്നേക്കുമായ്.
ക്രൂരനായ് വളരും മനുഷ്യനെ ഭൂമി
നശിപ്പിച്ചീടുമേ വാസ്തവമാ.
കാൽകുത്തും ഭൂമിയെ വെട്ടിനിരപ്പാക്കി
സ്വാർത്ഥമായ് ജീവിക്കും മർത്യരാണേ
മനുഷ്യനെ മനസ്സിലാക്കാതെ അവരെ
അധികമായ് സ്നേഹിച്ചു പോയി പോലും.
അതിനുള്ള ശിക്ഷയാണിപ്പോളനുഭ
വിക്കുന്നതെന്നവൾ ചിന്തിച്ചാവും
മാതാവാണെന്നൊരു തിരിച്ചറിവില്ലാതെ
നശിപ്പിക്കുമവളെ സ്വന്തം മക്കൾ
ഉറപ്പാണുറപ്പാണതിനുമുൻപു
തന്നെ നശിപ്പിക്കും ഭൂമിയീ ക്രൂരൻമാരെ
ഗുണങ്ങൾ നൽകുമീ ഭൂമിയെ
നശിപ്പിക്കും മനുഷ്യനെ ഓർത്തപ്പോൾ
ചിരിച്ചുപ്പോയി.
മനുഷ്യനെ ഓർത്തപ്പോൾ ചിരിച്ചുപ്പോയി.

ആസ്വാദനക്കുറിപ്പ്

ദേവനന്ദ മുരളി
9 B

# ഞാൻ സുന്ദരൻ

ബാലൻ മാവേലിയുടെ "ഞാൻ സുന്ദരൻ "എന്ന പുസ്തകമാണ് ഞാൻ വായിച്ചത് .പ്രകൃതി നിരീക്ഷണവും പ്രപഞ്ചവീക്ഷണവും കൈമുതലാക്കിയ ഒരു സാഹിത്യകാരനാണ് ബാലൻ മാവേലി .
കുട്ടികളോട് സംവദിക്കുവാൻ അപാരകഴിവുള്ള ഒരു കലാകാരനെ ഈ നോവലിലൂടെ ഞാൻ കാണുന്നു.

"ഞാൻ സുന്ദരൻ'എന്ന കുട്ടികൾക്കായുള്ള നോവലിലൂടെ ഒരു കാക്ക കുഞ്ഞ് നാട്ടിൻപുറത്തെ സ്കൂളിൽ നിന്ന് സ്വായത്തമാക്കിയ പ്രപഞ്ചാനുഭവം ഒരു മനുഷ്യക്കുട്ടിയെക്കാൾ തന്മയത്വത്തോടെ അവതരിപ്പിക്കുന്നു.ഇതൊരുകാക്ക കുഞ്ഞിന്റകഥയാണ്. ഒറ്റക്കണ്ണനും വികലാംഗനുമായ കാക്ക കുഞ്ഞിന്റെ കഥ.അവന്റെ അമ്മയുടെ കണ്ണിൽ അവൻ സുന്ദരനാണ്.നാട്ടിൻ പുറത്തെ ഹയർസെക്കന്ററി സ്കൂളിലെ മാവിൻ കൊമ്പലെ കാക്കക്കൂട്ടിലാണവൻ ജനിച്ചത്. അവന്റെ ലോകം സ്കൂളും ച്ചുറ്റുപാടുമായിരുന്നു.ആ സ്കൂളിലെ അധ്യാപകരിൽ നിന്നും അവൻ ആദ്യാക്ഷരങ്ങൾ പഠിച്ചു.അറിവ് നേടി .കാക്കമ്മയും മകനും ഒരിക്കൽ അച്ഛൻ ചേക്കേറിയ നഗരത്തിൽ പോകുന്നുണ്ട് .നഗരത്തിലാണ് കാക്കകൾക്ക് കുശാൽ . അവിടെയും പ്രക്യതിസ്നേഹികളുണ്ടെന്നാണ്സുന്ദരന്റെ വിലയിരുത്തൽ . എന്നിട്ടും അമ്മയ്ക്കും മകനും നാട്ടിൻ പുറത്തെ സ്കൂളും ച്ചുറ്റുപാടുകളുമാണ് ഇഷ്ടപ്പെട്ടത്. 11 കഥകളാണ് ഈ പുസ്തകത്തിലുള്ളത്. ബാലൻ മാവേലി ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത് തങ്ങളുടെ വാസസ്ഥലങ്ങൾ അപഹരിക്കുന്ന സ്വാർത്ഥരായ മനുഷ്യരോട് പൊറുക്കാൻ കഴിയുന്ന സന്മനസ്സുള്ള പക്ഷിമൃഗാദികൾക്കാണ് .അന്വേഷിക്കാനും അറിയാനും ആസ്വാദിക്കാനും വെമ്പുന്ന കൂട്ടുക്കാർക്ക് ബാലൻ മാവേലി എഴുതിയ ഈ കാക്ക കുഞ്ഞിന്റെ കഥ അത്ഭുതകരമായ അനുഭവമായിരിക്കും.



Enter





# എഡിറ്റോറിയൽ ബോർഡ്


മാനുവൽ കെ ഷാജി

കാർത്തികേയൻ

മഞ്ജിമ കെ

ഫാത്തിമ സുൽഫ

ധ്രുവ്ദേവ്

പൂർണ്ണിമ

നന്ദന

ആദിരാജ്

ദേവനന്ദ മുരളി

# നന്ദി

സർഗ്ഗാത്മകതയുടെ വസന്തം ഇവിടെ അവസാനിക്കുന്നില്ല. ഭ്രമിപ്പിച്ചും ചിന്തിപ്പിച്ചും രസിപ്പിച്ചും അത് ഋതുസംക്രമണമായി വരിക തന്നെ ചെയ്യും.തൽക്കാലം വിട.

ഈ സന്ദർഭത്തിൽ ബല്ലാ ഈസ്റ്റ് ഗവ.ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ തയ്യാറാക്കിയ □-----□ □ □□ □ ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയവർ ഒരുപാടുണ്ട്.ഞങ്ങളിൽ ഒരാളായി നിന്ന് ചുറുചുറുക്കോടെ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഊർജം പകർന്ന ഞങ്ങളുടെ എല്ലാമെല്ലാമായ ഹെഡ്മിസ്ട്രസ്സ് റീന ടീച്ചർ,മികച്ച പിന്തുണ നൽകിയ പ്രിൻസിപ്പാൾ അരവിന്ദാക്ഷൻ മാഷ്,ലിറ്റിൽ കൈറ്റസ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സ്കൂൾ SITC അനിൽ മാഷ്,കൈറ്റ് മിസ്ട്രസ്സമാരായ ശാരിക ടീച്ചർ,ഷീബ ടീച്ചർ,മറ്റ അധ്യാപകർ,അനധ്യാപകർ,ലിറ്റിൽ കൈറ്റ്സിന്റെ ചുറുചുറുക്കുള്ള അംഗങ്ങൾ,മാഗസിനിലേക്ക് വേണ്ട വിഭവങ്ങൾ നൽകിയ കൂട്ടുകാർ,സഹപാഠികൾ,തുടങ്ങീ എല്ലാ പ്രവർത്തനങ്ങളുടെയും മുന്നിലും പിന്നിലുമായി സഹകരിച്ച എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

□□ □ □ □ □ □ □□ □ □ □ □ □ □ □ □ □ □ □□ □ □□ □ □

എഡിറ്റർ
മാനുവൽ . കെ .ഷാജി


Enter